**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6004** **25-03-2025 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖത്തിൽ നിന്നും ലഭിക്കുന്ന വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം തുറമുഖം പ്രവർത്തനം ആരംഭിച്ചതിന് ശേഷം നാളിതുവരെ സംസ്ഥാന സർക്കാരിന് ലഭിച്ച വരുമാനം ഇനം തിരിച്ച് നൽകാമോ; | (എ) | 2024 ജൂലൈ 11-ാം തീയതി ട്രയൽ അടിസ്ഥാനത്തിൽ കപ്പലുകൾ തുറമുഖത്തിൽ അടുത്തു തുടങ്ങിയത് മുതൽ 2025 ഫെബ്രുവരി 28 വരെ 189 കപ്പലുകൾ തുറമുഖത്ത് എത്തിച്ചേരുകയും ഏകദേശം 3,79,627 TEU കണ്ടെയ്നറുകൾ കൈകാര്യം ചെയ്തിട്ടുമുണ്ട്. ഇതിലൂടെ 200 കോടി രൂപ തുറമുഖ വരുമാനമായി കൺസഷണയർക്കും നികുതിയിന ത്തിൽ 36 കോടി രൂപ സർക്കാരിനും ലഭിച്ചു. |
| (ബി) | വിഴിഞ്ഞം തുറമുഖം മൂന്നു ഘട്ടവും പൂർത്തീകരിക്കുമ്പോൾ സംസ്ഥാന സർക്കാരിന് ലഭിക്കാവുന്ന വരുമാനത്തിന്റെ വിശദാംശം നൽകാമോ; നിലവിൽ സംസ്ഥാനം നേരിടുന്ന അതിരൂക്ഷ സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ തുറമുഖത്തിൽ നിന്നും ലഭിക്കുന്ന വരുമാനം പര്യാപ്തമാകുമോ; വ്യക്തമാക്കാമോ; | (ബി) | നിലവിൽ മതിയായ വിവരങ്ങൾ ലഭ്യമല്ല. |
| (സി) | തുറമുഖ വികസനത്തിനായി 2025-26 സാമ്പത്തിക വർഷം എത്ര രൂപ ഏതൊക്കെ ഇനങ്ങളിലായി സർക്കാർ നീക്കി വച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് പ്ലാൻ ഫണ്ടിൽ നിന്നും സാധാരണയായി ഒരു തുക അനുവദിച്ച് നൽകാറില്ല. മേജർ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലെപ്മെന്റ് പ്രോജക്റ്റ് (MIDP) ഫണ്ടിൽ നിന്നും വിഴിഞ്ഞം തുറമുഖത്തിന് ആവശ്യമുള്ള തുക ഓരോ ആറ് മാസം കൂടുതോറും ആവശ്യപ്പെടുകയും, മേജർ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലെപ്മെന്റ് പ്രോജക്റ്റ് (MIDP) ഹൈപവേർഡ് കമ്മിറ്റി അത് പരിശോധിച്ച് തുക അനുവദിച്ച് നൽകുന്നു. |

സെക്ഷൻ ഓഫീസർ